സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യാന്ന പ്രമദിതവ്യം

PEOPLE REVIEW

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മാർച്ച് 31 വെള്ളി

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

# ദുരന്തമായി മാറി രാമനവമി ആഘോഷം

## ഇൻഡോറിൽ ക്ഷേത്രക്കിണറിൽ വീണ് മരിച്ചവരുടെ എണ്ണം 35ായി

ഇൻഡോർ: മധ്യപ്രദേശിലെ ഇൻഡോറിൽ രാമനവമി ആഘോഷത്തിനിടെ ക്ഷേത്രക്കിണർ ഇടിഞ്ഞുവീണുണ്ടായ അപകടത്തിൽ മരണസംഖ്യ 35 ആയി. ഒരാളെ കാണാതായി. 14 പേരെ രക്ഷപ്പെടുത്തി. രണ്ടു പേർ ചികിത്സയ്ക്കു ശേഷം സുരക്ഷിതരായി വീട്ടിൽ മടങ്ങിയെത്തി. കാണാതായ ആൾ കിണറിനടിയിൽ കുടുങ്ങിക്കിടക്കുന്നുണ്ടോ എന്നറിയാൻ ഇപ്പോഴും തിരച്ചിൽ തുടരുകയാണെന്ന് ജില്ലാ കലക്ടർ ടി.ഇളയരാജ അറിയിച്ചു. വ്യാഴാഴ്ച ഉച്ചയോടെയാണ് ഇൻഡോറിലെ ബലേശ്വർ മഹാദേവ് ജൂലേലാൽ ക്ഷേത്രത്തിലെ കിണർ ഇടിഞ്ഞു വീണത്. ആളുകളുടെ ഭാരം താങ്ങാനാവാതെയാണ് ക്ഷേത്രത്തിലെ ബവ്ഡി എന്നറിയപ്പെടുന്ന പുരാതനമായ കിണർ തകർന്നു വീണത്. രാമനവമി ആയതിനാൽ ധാരാളം ഭക്തജനങ്ങൾ ക്ഷേത്രത്തിൽ ഒഴുകിയെത്തുകയായിരുന്നു. തിരക്ക് കൂടിയതോടെ മൂടിയിട്ട കിണറിന്റെ അടുത്തേക്ക് കൂടുതൽ പേർ നീങ്ങി. ഇതോടെ കിണറ് മൂടിയ ഭാഗം ഇടിഞ്ഞു വീഴുകയായിരുന്നു. ഒരു സ്വകാര്യ ട്രസ്റ്റിന്റെ കീഴിലുള്ളതാണ് ഈ ക്ഷേത്രം. ഇൻഡോറിലെ സ്നേഹ് നഗറിലാണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. പുരാതനമായ കിണറിന്റെ മേൽത്തട്ടിൽ ധാരാളം ആളുകൾ കൂടിനിൽക്കുകയായിരുന്നു. നിർഭാഗ്യകരമായ സംഭവമാണ് നടന്നതെന്ന് മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പ്രതികരിച്ചിരുന്നു. കിണറ്റിൽ വീണവരെ രക്ഷപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നടത്തിവരികയാണെന്നും അദ്ദേഹം


ഇൻഡോറിലെ ബലേശ്വർ മഹാദേവ് ജൂലേലാൽ ക്ഷേത്രത്തിലെ കിണർ ഇടിഞ്ഞതിനെ തുടർന്ന് കിണറിനടിയിൽ കുടുങ്ങി കിടക്കുന്നവർ

കൂട്ടിച്ചേർത്തു. വ്യാഴാഴ്ച ഉച്ചയ്ക്ക് 12:30ഓടെയാണ് രക്ഷാപ്രവർത്തനം ആരംഭിച്ചത്. 18 മണിക്കൂർ നീണ്ട രക്ഷാപ്രവർത്തനം ഇപ്പോഴും തുടരുകയാണെന്നും അദ്ദേഹം പറഞ്ഞു. ആർമി, എൻ.ഡി.ആർ.എഫ്, എസ്.ഡി.ആർ.എഫ് സംഘങ്ങൾ രക്ഷാപ്രവർത്തനത്തിനായി സ്ഥലത്തുണ്ടെന്ന് കലക്ടർ ടി.ഇളയരാജ അറിയിച്ചു ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചിച്ചു. മധ്യപ്രദേശ് മുഖ്യമന്ത്രി ശിവ്‌രാജ് ചൗഹാനുമായി സംസാരിച്ചെന്നും സ്ഥിതിഗതികൾ ആരാഞ്ഞെന്നും പ്രധാനമന്ത്രി ട്വിറ്ററിൽ കുറിച്ചു.

രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും സംസ്ഥാന സർക്കാർ ദ്രുതഗതിയിൽ നേതൃത്വം നൽകുന്നുണ്ടെന്നും മരണപ്പെട്ടവരുടെ കുടുംബങ്ങളുടെ ദുഖത്തിൽ പങ്കുചേരുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. മധ്യപ്രദേശ് സർക്കാർ മരിച്ചവരുടെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപയും പരുക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

സംഭവത്തെ കുറിച്ച് സംസ്ഥാന സർക്കാരിന് പ്രാഥമിക റിപ്പോർട്ട് ജില്ലഭരണകൂടം കൈമാറി. കാലപ്പഴക്കമുള്ള സ്ലാബിന് മുകളിൽ കൂടുതൽ ആളുകൾ കയറി നിന്നതാണ് അപകടകാരണം എന്നാണ് പ്രാഥമിക റിപ്പോർട്ട്. രക്ഷാപ്രവർത്തനം ഊർജിതമാക്കാൻ മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇൻഡോർ കലക്ടറോടും പ്രാദേശിക ഭരണകൂടത്തോടും നിർദേശിച്ചിട്ടുണ്ട്.

## പെട്രോൾ – ഡീസൽ വില കൂടും; സംസ്ഥാനത്ത് രണ്ട് രൂപ ഇന്ധന സെസ് നാളെ മുതൽ പ്രാബല്യത്തിൽ




തിരുവനന്തപുരം: പെട്രോളിനും ഡീസലിനും സംസ്ഥാനത്ത് നാളെ മുതൽ രണ്ട് രൂപ അധികം നൽകണം. ഭൂമിയുടെ ന്യായവിലയിൽ 20 ശതമാനം വർധനയും പ്രാബല്യത്തിൽ വരും. അതുപോലെ മദ്യത്തിന്റെ വിലയും നാളെ മുതലൽ വർധിക്കും. പ്രതിപക്ഷത്തിന്റെ കടുത്ത പ്രതിഷേധത്തിനിടെയാണ് ബജറ്റ് നിർദേശങ്ങൾ നിലവിൽ വരുന്നത്. നാളെ മുതൽ ജീവിതച്ചെലവ് കുത്തനെ കൂടുകയാണ്. ഇന്ധനവിലയിലാണ് പ്രധാനമായും കൈപൊള്ളുന്നത്.

ക്ഷേമ പെൻഷനുകൾ നൽകാൻ പണം കണ്ടെത്താനായി ബജറ്റിൽ പ്രഖ്യാപിച്ച രണ്ട് രൂപ സെസാണ് നിലവിൽ വരുന്നത്. വ്യാപക പ്രതിഷേധത്തിനൊടുവിൽ ഒരു രൂപയെങ്കിലും കുറയ്ക്കുമെന്ന സൂചനയുണ്ടായെങ്കിലും സർക്കാർ ഒട്ടും പിന്നോട്ട് പോയില്ല. മദ്യവിലയിൽ പത്ത് രൂപയുടെ വരെ വ്യത്യാസവും ഉണ്ടാകും. 13 വർഷത്തിനിടെ അഞ്ച് തവണയാണ് സംസ്ഥാനത്ത് ന്യായവില കൂടിയത്. സെന്റിന് ഒരുലക്ഷം ന്യായവില 20 ശതമാനം കൂടുമ്പോൾ 1,20,000. എട്ട് ശതമാനം സ്റ്റാംപ് ഡ്യൂട്ടിയും രണ്ട് ശതമാനം രജിസ്ട്രേഷൻ ഫീസും ചേർന്നാൽ പ്രമാണ ചെലവിലും ആനുപാതിക വർധന ഉണ്ടാകും. അതായത് ഒരു ലക്ഷം ന്യായവിലയുള്ള ഭൂമി പ്രമാണം ചെയ്യണമെങ്കിൽ 12,000 രൂപയെങ്കിലും വേണം. കൂടിയ നിരക്ക് നിലവിൽ വരുന്നതിന് മുൻപ് പരമാവധി പേർ രജിസ്ട്രേഷൻ നടത്താനെത്തിയതോടെ കഴിഞ്ഞ വർഷം മാർച്ചിനെ അപേക്ഷിച്ച് ഈമാസം മാത്രം 200 കോടിയോളം രൂപയുടെ അധിക വരുമാനമാണ് സർക്കാർ ഖജനാവിലേക്ക് എത്തിയത്.

## 'ദഹി' വേണ്ട, പ്രാദേശിക ഭാഷ മതിയെന്ന് ഉത്തരവ് പുതുക്കി ഭക്ഷ്യസുരക്ഷാ വകുപ്പ്

ന്യൂഡൽഹി: കർണാടകയിലും തമിഴ്നാട്ടിലും തൈര് പാക്കറ്റിലെ ഹിന്ദി വാക്ക് വിവാദമായതോടെ ഉത്തരവ് തിരുത്തി ഭക്ഷ്യസുരക്ഷാ അതോറിറ്റി. തൈരിന്റെ പ്രാദേശിക പദത്തിന് പകരം 'ദഹി' എന്ന ഹിന്ദി വാക്ക് ചേർക്കണമെന്ന ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ തീരുമാനമാണ് പ്രതിഷേധത്തെ തുടർന്ന് പിൻവലിച്ചത്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഹിന്ദി അടിച്ചേൽപ്പിക്കാനുള്ള തീരുമാനത്തെ എതിർത്ത് കർണാടകയിൽ മുൻ മുഖ്യമന്ത്രി എച്ച്.ഡി കുമാരസ്വാമിയും തമിഴ്നാട്ടിൽ മുഖ്യമന്ത്രി എം.കെ സ്റ്റാലിനും വിമർശനവുമായി രംഗത്തെത്തിയിരുന്നു. ദഹി എന്ന ഹിന്ദി വാക്ക്




എഴുതാനുള്ള നീക്കം തമിഴ്നാട്ടിലും കർണാടകയിലും പ്രതിഷേധം ഉയർത്തിയതിന് പിന്നാലെയാണ് തീരുമാനം മാറ്റിയത്. കേർഡ് എന്നതിനൊപ്പം അതാത് സംസ്ഥാനങ്ങളിലെ പ്രാദേശിക ഭാഷകളിലെ പദങ്ങളും എഴുതാമെന്ന് ഭക്ഷ്യസുരക്ഷ അതോറിറ്റി അറിയിച്ചു.

## ദുരിതാശ്വാസ നിധി ഫണ്ട് വകമാറ്റിയ കേസ്

## മുഖ്യമന്ത്രിക്ക് താൽക്കാലികാശ്വാസം, ഹർജി ഫുൾബെഞ്ചിന് വിട്ട് ലോകായുക്ത

തിരുവനന്തപുരം: ദുരിതാശ്വാസ ഫണ്ട് വകമാറ്റിയെന്ന ഹർജിയിൽ മുഖ്യമന്ത്രിക്ക് താൽക്കാലിക ആശ്വാസം. ഹർജി പരിഗണിച്ച രണ്ടംഗ ബെഞ്ചിൽ വ്യത്യസ്ത അഭിപ്രായമുണ്ടായി. തുടർന്നാണ് ഹർജി മൂന്നംഗ വെഞ്ചിന് വിട്ടതെന്ന് ലോകായുക്ത ജസ്റ്റിസ് സിറിയക് ജോസഫ് അറിയിച്ചു. വിശദമായി ഇനി വാദം കേട്ട ശേഷമാകും മൂന്നംഗ ബെഞ്ച് കേസിൽ വിധി പറയുക.

ഇതിനുള്ള തീയതിയും പിന്നീട് പ്രഖ്യാപിക്കും. ലോകായുക്ത ജസ്റ്റിസ് സിറിയക്ക് ജോസഫും ഉപലോകായുക്ത ജസ്റ്റിസ് ഹാറൂൺ അൽ റഷീദുമാണ് നിർണായക ഹർജിയിൽ വിധി പറഞ്ഞത്.



മന്ത്രിസഭാ തീരുമാനം ലോകായുക്തക്ക് പരിശോധിക്കാമോ എന്നതിലും കേസ് നിലനിൽക്കുമോ എന്നതിലുമാണ് രണ്ട് ജസ്റ്റിസുമാർക്കും വ്യത്യസ്ത അഭിപ്രായമുണ്ടായത്. ഈ വിഷയങ്ങളിലൊന്നും ഐക്യത്തിൽ എത്താൻ സാധിക്കാത്തതിനാൽ ഫുൾ ബെഞ്ചിന് വിടുന്നുവെന്നാണ് വിധിയിൽ വ്യക്തമാക്കുന്നത്. എന്നാൽ വിധിക്കെതിരെ ഹൈക്കോടതിയെ സമീപിക്കുമെന്ന് ഹർജിക്കാരൻ ആർ.എസ് ശശികുമാർ അറിയിച്ചു.

കഴിഞ്ഞ വർഷം മാർച്ച് 18ന് വാദം പൂർത്തിയായി ഒരു വർഷം പിന്നിട്ടിട്ടും വിധി വൈകിയതിനാൽ പരാതിക്കാരൻ ഹൈക്കോടതിയെ സമീപിച്ചതോടെയാണ് വിധി പ്രഖ്യാപനമുണ്ടായത്. അഴിമതിയും സ്വജനപക്ഷപാതവും തെളിഞ്ഞാൽ പൊതുപ്രവർത്തകൻ വഹിക്കുന്ന പദവി ഒഴിയേണ്ടിവരുമെന്ന ലോകായുക്ത നിയമത്തിലെ പതിനാലാം വകുപ്പ് പ്രകാരമുള്ള കേസാണ് മൂന്നംഗ ബെഞ്ചിന് വിട്ടത്.



## അപൂർവ രോഗങ്ങളുടെ മരുന്നിന് നികുതിയിളവ് നൽകി കേന്ദ്രം

### പത്ത് ശതമാനം കസ്റ്റംസ് തീരുവ ഒഴിവാക്കി

ന്യൂഡൽഹി: ദേശീയ അപൂർവ രോഗത്തിന്റെ പട്ടികയിലുള്ള 51 രോഗങ്ങളുടെ മരുന്നുകൾക്ക് നികുതിയിളവ് നൽകി കേന്ദ്രം. ഭക്ഷ്യോൽപ്പന്നങ്ങൾക്കും നികുതി പൂർണമായും ഒഴിവാക്കി. കേന്ദ്ര ധനമന്ത്രാലയമാണ് ഇത് സംബന്ധിച്ച് ഉത്തരവിട്ടത്. പത്ത് ശതമാനം കസ്റ്റംസ് തീരുവയാണ് ഒഴിവാക്കിയത്. ഇതുവഴി വർഷത്തിൽ പത്ത് ലക്ഷം മുതൽ ഒരു കോടി രൂപവരെ ചികിത്സാ ചിലവ് ലാഭിക്കാനാകുമെന്നാണ് പ്രതീക്ഷ.ഏപ്രിൽ ഒന്ന് മുതൽ ഇത് പ്രാബല്യത്തിൽ വരും. ജീവൻ രക്ഷാ മരുന്നുകൾക്കും വാക്സിനുകൾക്കും അഞ്ച് ശതമാനം വരേയും തീരുവയുണ്ട്. ഇളവ് ലഭിക്കുന്നതിനായി ആവശ്യക്കാർ ഹെൽത്ത് ഡയരക്ടറുടെയോ ജില്ലാ മെഡിക്കൽ ഓഫിസർ അല്ലെങ്കിൽ സിവിൽ സർജന്റെയോ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി. സ്പൈനൽ മസ്കുലർ അട്രോഫിയടക്കമുള്ള രോഗങ്ങളുടെ മരുന്നുകൾക്കുള്ള തീരുവയിൽ നേരത്തെ തന്നെ കേന്ദ്രം ഇളവ് നൽകിയിരുന്നു. മറ്റ് മരുന്നുകൾക്കും നികുതിയിളവ് നൽകണമെന്ന ആവശ്യം ശക്തമായ സാഹചര്യത്തിലാണ് തീരുമാനം. അപൂർവരോഗം ബാധിച്ച കുട്ടികൾക്ക് വേണ്ടി ഇത്തരത്തിലുള്ള മരുന്നുകൾക്കും ചികിത്സാ ആവശ്യങ്ങൾക്കായുള്ള ഭക്ഷണ സാധനങ്ങൾക്കും 10 ലക്ഷം മുതൽ ഒരു കോടി രൂപവരെ വർഷം ചെലവിടേണ്ടി വരുന്ന തുക ഇതോടെ ലാഭിക്കാനാകുമെന്നാണ് കേന്ദ്ര സർക്കാർ വിലയിരുത്തുന്നത്.

## രാഹുലിന്റെ അയോഗ്യത: വിദേശ ഇടപെടൽ ആവശ്യമില്ലെന്ന് കപിൽ സിബൽ

ന്യൂഡൽഹി: രാഹുൽ ഗാന്ധിയെ അയോഗ്യനാക്കിയ നടപടിയിൽ വിദേശ ഇടപെടൽ ആവശ്യമില്ലെന്ന് മുൻ കോൺഗ്രസ് നേതാവ് കപിൽ സിബൽ. 'വിദേശ ഇടപെടൽ ആവശ്യമില്ല. നമ്മുടെ പോരാട്ടം നമ്മുടേതാണ്. അതിൽ നമ്മളൊരുമിച്ചാണ്'- കപിൽ സിബൽ പറഞ്ഞു. എം.പി സ്ഥാനത്തു നിന്ന് രാഹുൽ ഗാന്ധിയെ അയോഗ്യനാക്കിയ നടപടിയിൽ ജർമ്മനിയുടെ പ്രതികരണത്തിൽ കോൺഗ്രസ് നേതാവ് ദിഗ് വിജയ് നന്ദി പ്രകടിപ്പിച്ചതിന് മറുപടിയായാണ് കപിൽ സിബലിന്റെ പ്രതികരണം.



നേരത്തെ, മന്ത്രിമാരായ നിർമ്മല സീതാരാമൻ, കിരൺ റിജ്ജു എന്നിവരും അനുരാഗ് താക്കൂറും വിമർശനവുമായി രംഗത്തെത്തിയിരുന്നു. വിവാദമായതിനെ തുടർന്ന് കോൺഗ്രസ് നിലപാടിൽ മയപ്പെട്ടു. നമ്മുടെ ജനാധിപത്യത്തിന് നേരെ ആക്രമണമുണ്ടാവുമ്പോൾ ജനാധിപത്യ പ്രക്രിയയിലൂടെ തന്നെയാണ് തിരുത്തേണ്ടത് എന്ന് കോൺഗ്രസ് വ്യക്തമാക്കി. അതിനിടയിലാണ് കപിൽ സിബലിന്റേയും പ്രതികരണം വരുന്നത്.

രാഹുലിന്റെ കേസിൽ ജനാധിപത്യത്തിന്റെ മൗലിക തത്വങ്ങൾ പാലിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ജർമ്മൻ വിദേശകാര്യമന്ത്രാലയ വക്താവ് പറഞ്ഞിരുന്നു. രാഹുൽ ഗാന്ധിക്കെതിരായ സൂറത്ത് കോടതി വിധിയും പിന്നാലെയുണ്ടായ അയോഗ്യനാക്കൽ നടപടിയും ശ്രദ്ധിക്കുന്നുണ്ട്. കോടതി വിധിക്കെതിരേ രാഹുലിന് അപ്പീലിന് പോകാനാകുമെന്നാണ് കരുതുന്നതെന്നും ജർമ്മൻ വിദേശകാര്യമന്ത്രാലയം വക്താവ് പറഞ്ഞു. കോടതി വിധി നിലനിൽക്കുമോയെന്നും രാഹുലിനെ അയോഗ്യനാക്കിയതിന് എന്തെങ്കിലും അടിസ്ഥാനമുണ്ടോയെന്ന് അതിന് ശേഷമേ വ്യക്തമാകു. ജുഡീഷ്യൽ സ്വാതന്ത്ര്യത്തിന്റെ മാനദണ്ഡങ്ങളും ജനാധിപത്യത്തിന്റെ മൗലിക തത്വങ്ങളും കേസിൽ ബാധകമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ജർമ്മനി പറഞ്ഞു.

## പെൺകുട്ടികളുടെ വിവാഹപ്രായം 21: കേന്ദ്രത്തെ എതിർത്ത് കേരളം

തിരുവനന്തപുരം: പെൺകുട്ടികളുടെ വിവാഹപ്രായം 21 ആക്കണമെന്ന കേന്ദ്രസർക്കാരിന്റെ നിയമഭേദഗതിക്കെതിരേ കേരളം. വിവാഹപ്രായം 21 ആയി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് അഭിപ്രായം അറിയിക്കാൻ കേന്ദ്ര വനിതാ കമ്മീഷൻ സംസ്ഥാന വനിത ശിശു വികസന വകുപ്പിന് നിർദേശം നൽകിയിരുന്നു. തുടർന്ന് വിഷയം സി.പി.എമ്മിൽ ചർച്ച ചെയ്തശേഷമാണ് സംസ്ഥാനത്തിന്റെ ഔദ്യോഗിക നിലപാട് കത്തിലൂടെ കമ്മീഷനെ അറിയിച്ചത്. 18 വയസായാൽ വോട്ട് ചെയ്യാനാകുന്ന പെൺകുട്ടി വിവാഹ കഴിക്കാൻ 21 വയസുവരെ കാത്തിരിക്കണമെന്ന് പറയുന്നത് ശരിയല്ലെന്ന് കത്തിൽ പറയുന്നു. പോക്സോ നിയമം പ്രകാരം സമ്മതപ്രകാരമുള്ള ശാരീരിക ബന്ധത്തിന് 18 വയസ് കഴിഞ്ഞവർക്ക് തടസമില്ലെന്നത് കത്തിൽ ചൂണ്ടികാണിക്കുന്നു. 2021 ഡിസംബറിൽ ലോക്സഭയിൽ സ്മൃതി ഇറാനിയാണ് ബിൽ അവതരിപ്പിച്ചത്. തുടർന്ന് പാർലമെന്ററി സ്ഥിരം സമിതിയുടെ പരിശോധനയ്ക്കു വിടുകയായിരുന്നു. ഇതു തിരികെ എത്തി ലോക്സഭയും രാജ്യസഭയും പാസാക്കിയാലേ നിയമമാകുകയുള്ളൂ. ദേശീയതലത്തിൽ കോൺഗ്രസ്, സി.പി.എം, സി.പി.ഐ, മുസ്ലിം ലീഗ് തുടങ്ങിയ പാർട്ടികളും കേന്ദ്രത്തിന്റെ നിയമഭേദഗതിയെ എതിർക്കുന്നുണ്ട്.

## രാജ്യത്ത് 3000 കടന്ന് കൊവിഡ് കേസുകൾ

ന്യൂഡൽഹി: രാജ്യത്ത് തുടർച്ചയായി രണ്ടാം ദിവസവും കോവിഡ് കേസുകളിൽ അതിവേഗ വർധന രേഖപ്പെടുത്തി. 3500നോട് അടുത്ത കേസുകളാണ് 24 മണിക്കൂറിനിടെ റിപ്പോർട്ട് ചെയ്തത്. പ്രതിദിന പോസിറ്റിവിറ്റി നിരക്ക് 2.7% ആയി. കേരളത്തിലും മഹാരാഷ്ട്രയിലുമാണ് രോഗബാധ രൂക്ഷം. 694 പേർക്കാണ് കഴിഞ്ഞ 24 മണിക്കൂറിനിടെ മഹാരാഷ്ട്രയിൽ രോഗം സ്ഥിരീകരിച്ചത്. ഡൽഹിയിൽ രോഗബാധിതർ 300 കടന്നു. കേരളത്തിൽ ഇന്നലെ മാത്രം 765 പേർക്ക് രോഗം സ്ഥിരീകരിച്ചു. കഴിഞ്ഞ വർഷം ഒക്ടോബറിനു ശേഷം പ്രതിദിന രോഗികളുടെ എണ്ണം ഏറ്റവും ഉയർന്ന ദിനമായിരുന്നു ഇന്നലെ. ഈ മാസം 20 മരണം സ്ഥിരീകരിച്ചു. 2000 ലേറെ പേർ ചികിത്സയിലുണ്ട്. കൊവിഡ് രോഗികൾക്കായി കിടക്കകൾ മാറ്റിവയ്ക്കാൻ സ്വകാര്യ ആശുപത്രികൾക്ക് ആരോഗ്യ വകുപ്പ് നിർദേശം നൽകി.

### വിരമിക്കുന്ന ദിവസം: ഇന്ന് ഹാജരാകില്ല

## നാളെ മുതൽ എപ്പോൾ വേണമെങ്കിലും ഹാജരാകാം: സിസ തോമസ്

തിരുവനന്തപുരം: സാങ്കേതിക സർവകലാശാലയുടെ താൽക്കാലിക വി.സി വിശദീകരണം നൽകാൻ ഇന്ന് ഹാജരാകില്ലെന്ന് സർക്കാരിനെ അറിയിച്ചു. കെ.ടി.യു വിസി സ്ഥാനത്ത് നിന്നും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഇന്നാണ് വിരമിക്കുന്നത്. അതിന്റെ നടപടി ക്രമങ്ങൾ പൂർത്തിയാക്കേണ്ടതുള്ളതുകൊണ്ട് ഇന്ന് നേരിട്ടെത്തി വിശദീകരണം നൽകാൻ കഴിയില്ലെന്നാണ് അവർ സർക്കാരിനെ അറിയിച്ചത്. നാളെ മുതൽ എപ്പോൾ വേണമെങ്കിലും ഹാജരാകാമെന്നും സിസ തോമസ് അറിയിച്ചു.സംസ്ഥാന സർക്കാരിന്റെ അനുമതിയില്ലാതെ കെ.ടി.യു വിസിയുടെ ചുമതല ഏറ്റെടുത്തതിനാലാണ് സിസ തോമസിന് ഇന്ന് ഹിയറിങ് അറിയിച്ചിരുന്നത്.

കാരണം കാണിക്കൽ നോട്ടീസിൽ തുടർ നടപടികളുടെ ഭാഗമായാണ് സംസ്ഥാന സർക്കാർ സിസ തോമസിനോട് ഹാജരാവാൻ നിർദേശം നൽകിയത്. ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി മുമ്പാകെ ഹാജരാകണമെന്നായിരുന്നു നിർദേശം. സിസ തോമസിനെതിരെ നടപടിയെടുക്കും മുൻപ് സർക്കാർ അവരെ കേൾക്കണമെന്ന് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആവശ്യപ്പെട്ടിരുന്നു.

# കാൺപൂർ മാർക്കറ്റിൽ തീപിടിത്തം; 500 കടകൾ കത്തിനശിച്ചു, ആളപായമില്ല

ലഖ്നൗ: ഉത്തർപ്രദേശിലെ കാൺപൂരിൽ ബസ്മണ്ടി മാർക്കറ്റിലുണ്ടായ തീപിടിത്തത്തിൽ 500 കടകൾ കത്തിനശിച്ചു. ആളപായമുണ്ടായതായി റിപ്പോർട്ടുകളില്ല. ഇന്ന് പുലർച്ചെയാണ് ബസ്മണ്ടിയിലെ എ.ആർ. ടവറിൽ തീ പിടിത്തമുണ്ടായത്. തീപിടിത്തമുണ്ടാകാനുള്ള വ്യക്തമായ കാരണം ഇതുവരെ കണ്ടെത്താനായിട്ടില്ല. ഷോർട്ട് സർക്യൂട്ട് മൂലമാണ് തീപിടിത്തമുണ്ടായതെന്നാണ് പോലിസിന്റെ പ്രാഥമിക നിഗമനം. മസൂദ് നഗറിലെ കടകളിലേക്കും ഹംറാസ് കോംപ്ലക്സിലേക്കും തീ പടർന്നിട്ടുണ്ട്. തീ അണക്കുന്നതിനായി 16 അഗ്നിശമന സേനാ യൂണിറ്റുകൾ സംഭവസ്ഥലത്തെത്തി. മാർക്കറ്റിലെ തീ അണയ്ക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. ഇതിനായി ലഖ്നൗവിൽ നിന്ന് സൈനിക വാഹനങ്ങൾക്കൊപ്പം ഹൈഡ്രോളിക് ഫയർ ടെൻഡറുകളും സമീപ ജില്ലകളിൽ നിന്ന് ഫയർ ടെൻഡറുകളും ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഉത്തർപ്രദേശ് ഫയർ ഡിപ്പാർട്ട്മെന്റ് ഡെപ്യൂട്ടി ഡയരക്ടർ അജയ് കുമാർ പറഞ്ഞു. 'പുലർച്ചെ മൂന്ന് മണിയോടെയാണ് ഹംരാജ് മാർക്കറ്റിൽ തീപടിത്തമുണ്ടായത്. മാർക്കറ്റിലുണ്ടായ തീപിടിത്തം വലിയ ആഘാതമാണ് വ്യാപാരികളിൽ ഉണ്ടാക്കിയിരിക്കുന്നത്. വ്യാപാരികൾക്കുണ്ടായ നഷ്ടം എത്രയാണെന്ന് കണ്ടെത്തിയതിനുശേഷം ഇവർക്ക് നഷ്ടപരിഹാരം പ്രഖ്യാപിക്കണമെന്ന് സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ് യുപി സർക്കാരിനോട് അഭ്യർഥിച്ചു.



കാൺപൂർ ബസ്മണ്ടി മാർക്കറ്റിലുണ്ടായ തീപിടിത്തം

# രാഹുൽ കോൺഗ്രസിന്റെ രാഹു; മധ്യപ്രദേശ് മുഖ്യമന്ത്രി ശിവ്‌രാജ് സിങ് ചൗഹാൻ



ന്യൂഡൽഹി: മോദി വിരുദ്ധ പരാമർശത്തിൽ സൂറത്ത് കോടതി വിധിക്കുശേഷം എം.പി സ്ഥാനത്തുനിന്ന് അയോഗ്യനാക്കപ്പെട്ട കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്കെതിരേ വിമർശനവുമായി മധ്യപ്രദേശ് മുഖ്യമന്ത്രി ശിവ്‌രാജ് സിങ് ചൗഹാൻ. ഇന്ത്യയെക്കുറിച്ചും ഇന്ത്യൻ നിയമങ്ങളെക്കുറിച്ചും രാഹുലിന് ഒന്നുമറിയില്ലെന്ന് അദ്ദേഹം പറഞ്ഞു. നിയമങ്ങൾ അറിയാത്ത രാഹുൽ കോൺഗ്രസിന്റെ രാഹുവായി മാറിയെന്ന് വാർത്താ ഏജൻസിയായ എ.എൻ.ഐക്ക് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പരിഹസിച്ചു. നിരവധി ബി.ജെ.പി നേതാക്കളാണ് രാഹുലിനെതിരേയും കോൺഗ്രസിനെതിരേയും വിമർശനവുമായി രംഗത്തെത്തുന്നത്.

രാജ്യം ഭരിക്കുന്നത് ഭരണഘടനക്ക് അനുസൃതമായാണ്. അല്ലാതെ വാചകങ്ങൾ കൊണ്ടല്ല. രാജ്യത്തിന്റെ പ്രശ്നം കോൺഗ്രസ് ആണെന്നും കോൺഗ്രസിന്റെ പ്രശ്നം രാഹുൽ ഗാന്ധിയാണെന്നും രാജ്യത്തെ ജനങ്ങൾക്കറിയാം. കോൺഗ്രസിന്റെ രാഹുവാണ് രാഹുൽ. കോൺഗ്രസിലെ അടിമകളായ നേതാക്കളാണ് രാഹുലിനെ ദേശീയ നേതാവായി ഉയർത്താൻ ശ്രമിക്കുന്നത്. സത്യത്തിൽ ഗാന്ധി-നെഹ്റു കുടുംബത്തിലെ ഏറ്റവും പരാജിതനായ, മടിയനായ, നിരുവത്തരവാദിയായ, അശ്രദ്ധാലുവായ ഒരേയൊരാൾ രാഹുൽ ഗാന്ധി മാത്രമാണെന്നും ശിവരാജ് ചൗഹാൻ പറഞ്ഞു.

# 'മോദി' പരാമർശം: മാനനഷ്ടക്കേസിൽ രാഹുലിന് വീണ്ടും കുരുക്ക്; പാറ്റ്ന കോടതിയിൽ ഏപ്രിൽ 12ന് ഹാജരാകണം

ന്യൂഡൽഹി: മോദി വിരുദ്ധ പരാമർശത്തിൽ സൂറത്ത് കോടി വിധിക്കു പിന്നാലെ രാഹുൽ ഗാന്ധിക്ക് വീണ്ടും കുരുക്ക് മുറുകുന്നു. ഏപ്രിൽ 12ന് പാട്ന കോടതിയിൽ ഹാജരായി മൊഴി നൽകാൻ രാഹുലിന് നോട്ടീസ് കിട്ടി. ബി.ജെ.പി നേതാവ് സുശീൽ മോദി നൽകിയ പരാതിയിലാണ് പാട്ന കോടതിയുടെ നടപടി. അതേസമയം കോടതിയിൽ ഹാജരാകാൻ രാഹുൽ തീയതി നീട്ടി ചോദിച്ചേക്കും. ഏപ്രിൽ അഞ്ചിന് കോലാർ സന്ദർശനത്തിന് മുൻപ് അപകീർത്തി കേസിൽ രാഹുൽ ഗാന്ധി അപ്പീൽ ഫയൽ ചെയ്യുമെന്ന് എ.ഐ.സി.സി വൃത്തങ്ങൾ വ്യക്തമാക്കി.തന്റെ മണ്ഡലമായ വയനാട് സന്ദർശിക്കാനും ജനങ്ങളോട് നേരിട്ട് സംസാരിക്കാനും രാഹുലിന് താൽപര്യമുണ്ടെന്നാണ് കോൺഗ്രസ് നേതാക്കൾ പറയുന്നത്.



മണ്ഡലത്തിൽ എത്തണമെന്ന ആവശ്യം വയനാട്ടിൽ നിന്ന് ശക്തവുമാണ്. അതേസമയം ഭാരത് ജോഡോ യാത്രക്കിടെ നടത്തിയ പ്രസംഗത്തിന്റെ വിശദാംശങ്ങൾ തേടി ഡൽഹി പോലിസ് നൽകിയ നോട്ടീസിന് രാഹുൽ ഗാന്ധി തേടിയ സാവകാശം ഇന്ന് അവസാനിക്കും. വീട് വളഞ്ഞ് നോട്ടീസ് നൽകിയ പോലിസിനോട് പത്ത് ദിവസത്തെ സാവകാശമാണ് രാഹുൽ തേടിയത്. പീഡനത്തിനിരയായ നിരവധി പെൺകുട്ടികൾ തന്നെ വന്ന് കണ്ടിരുന്നെന്ന് ശ്രീനഗറിൽ പ്രസംഗിച്ച് ഒന്നരമാസം കഴിഞ്ഞാണ് പോലിസ് രാഹുലിന് നോട്ടീസ് നൽകിയത്. അതേസമയം രാഹുലിനെ അയോഗ്യനാക്കിയ നടപടിയിൽ രാജ്യവ്യാപകമായി കോൺഗ്രസ് പ്രഖ്യാപിച്ച ജയ് ഭാരത് ക്യാമ്പയിൻ തുടരുകയാണ്.

# ഫ്രാൻസിസ് മാർപ്പാപ്പയുടെ ആരോഗ്യനിലയിൽ പുരോഗതി; വേഗം സുഖം പ്രാപിക്കട്ടേയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി

റോം: ശ്വാസകോശത്തിലെ അണുബാധയെ തുടർന്ന് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഫ്രാൻസിസ് മാർപ്പാപ്പയുടെ ആരോഗ്യനിലയിൽ പുരോഗതി. ബുധനാഴ്ച രാത്രി ആശുപത്രിയിൽ പ്രവേശിപ്പിച്ച ഫ്രാൻസിസ് മാർപ്പാപ്പ കൃത്യമായി വിശ്രമിച്ചുവെന്നാണ് രോഗാവസ്ഥയേക്കുറിച്ച് വത്തിക്കാൻ വിശദമാക്കുന്നത്. എൺപത്തിയാറുകാരനായ മാർപാപ്പയ്ക്ക് സമീപ ദിവസങ്ങളിൽ ശ്വാസതടസം അനുഭവപ്പെട്ടിരുന്നു. എന്നാൽ പരിശോധനയിൽ കൊവിഡ് ഇല്ല എന്ന് കണ്ടെത്തിയിരുന്നു. എന്നാൽ മാർപ്പാപ്പ വിശുദ്ധ വാര തിരുക്കർമ്മങ്ങളിൽ പങ്കെടുക്കില്ലെന്നാണ് റിപ്പോർട്ട്. ഈസ്റ്റർ ദിനത്തിൽ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടക്കുന്ന തിരുക്കർമ്മങ്ങളിൽ ഫ്രാൻസിസ് മാർപ്പാപ്പ പങ്കെടുത്തേക്കുമെന്നും എന്നാൽ ചടങ്ങുകളെ നയിച്ചേക്കില്ലെന്നാണ് കോളേജ് ഓഫ് കർദിനാൾ ഡീൻ പദവി വഹിക്കുന്ന കർദിനാൾ ബാറ്റിസ്റ്റ റേ



മാർപാപ്പയും മോദിയും (ഫയൽ ചിത്രം)

വിശദമാക്കിയത്. കഴിഞ്ഞ വർഷത്തെ തിരുക്കർമ്മങ്ങൾ മുട്ട് വേദന മൂലം ഫ്രാൻസിസ് മാർപ്പാപ്പ ആയിരുന്നില്ല മുഖ്യ കാർമ്മികൻ. ഓശാന ഞായർ മുതൽ ഈസ്റ്റർ ഞായർ വരെ നീളുന്നതാണ് വിശുദ്ധ വാര തിരുക്കർമ്മങ്ങൾ. ശ്വാസകോശത്തിലെ അണുബാധയാണ് ഫ്രാൻസിസ് മാർപ്പാപ്പയെ വലയ്ക്കുന്നത്. വ്യാഴാഴ്ച പ്രഭാത ഭക്ഷണം കഴിച്ച ശേഷം മാർപ്പാപ്പ പത്ര വായിച്ചുവെന്നും വത്തിക്കാൻ വക്താവ് വിശദമാക്കി. ബുധനാഴ്ച മാർപ്പാപ്പ വിശ്വാസികളെ കാണാനായി പോപ്പ് മൊബൈലിൽ കയറുമ്പോൾ തന്നെ ക്ഷീണിതനായാണ് കാണപ്പെട്ടത്. പെട്ടന്ന് രോഗമുക്തി നേടാനുള്ള ആശംസാ പ്രവാഹമാണ് മാർപ്പാപ്പയ്ക്ക് ലഭിക്കുന്നതെന്നും വത്തിക്കാൻ വക്താവ് വിശദമാക്കി. മുട്ടിനുണ്ടായ പരിക്ക് മൂലം വീൽചെയർ ഉപയോഗിക്കാൻ മാർപ്പാപ്പ നിർബന്ധിതനായിരുന്നു. ഡിസംബർ മാസത്തിൽ ആരോഗ്യ കാരണങ്ങളാൽ ജോലി ചെയ്യാനാവാത്ത സാഹചര്യമുണ്ടായാൽ രാജിക്കത്ത് ഒപ്പിട്ട് തയ്യാറാക്കി വച്ചിട്ടുണ്ടെന്ന് ഫ്രാൻസിസ് മാർപ്പാപ്പ വെളിപ്പെടുത്തിയിരുന്നു. കത്തോലിക്കാ സഭയെ നയിക്കുന്നതിനുള്ള മാനസിക ശക്തിയും നഷ്ടമായാൽ രാജി വയ്ക്കുമെന്ന സൂചനയായിരുന്നു മാർപ്പാപ്പ നൽകിയത്. 2021 ജൂലൈ മാസം 10 ദിവസത്തോളം ആശുപത്രിയിൽ പ്രവേശിപ്പിച്ചതിന് ശേഷം ഇത് ആദ്യമായാണ് മാർപ്പാപ്പ ചികിത്സാ സഹായം തേടുന്നത്. ഫ്രാൻസിസ് മാർപാപ്പയുടെ ആരോഗ്യനില വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസിച്ചു. 'ഫ്രാൻസിസ് മാർപാപ്പയുടെ നല്ല ആരോഗ്യത്തിനും വേഗത്തിൽ സുഖം പ്രാപിക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുന്നു" എന്ന് പ്രധാനമന്ത്രി ട്വീറ്റ് ചെയ്തു.





സംസ്ഥാന മന്ത്രിസഭയുടെ
രണ്ടാം വാർഷികത്തോടനുബന്ധിച്ച്

**കരുതലും കൈത്താങ്ങും**

14 ജില്ലകളിലും മന്ത്രിമാരുടെ നേതൃത്വത്തിൽ താലൂക്കുതല അദാലത്ത്

**അദാലത്തിൽ പരിഗണിക്കുന്ന വിഷയങ്ങൾ**

- ഭൂമി സംബന്ധമായവ (അതിർത്തി നിർണയം, അനധികൃത നിർമാണം, ഭൂമി കയ്യേറ്റം, അതിർത്തി തർക്കങ്ങളും വഴി തടസപ്പെടുത്തലും)
- സർട്ടിഫിക്കറ്റുകൾ / ലൈസൻസുകൾ നൽകുന്നതിലെ കാലതാമസം
- തണ്ണീർത്തട സംരക്ഷണം
- പൊതുജലസ്രോതസുകളുടെ സംരക്ഷണവും കുടിവെള്ളവും
- ക്ഷേമപദ്ധതികൾ (വീട്, വസ്തു, ലൈഫ് പദ്ധതി വിവാഹം/പഠനധനസഹായം മുതലായവ)
- പ്രകൃതി ദുരന്തങ്ങൾക്കുള്ള നഷ്ടപരിഹാരം
- സാമൂഹിക സുരക്ഷ പെൻഷൻ കുടിശ്ശിക ലഭിക്കുക/പെൻഷൻ അനുവദിക്കുക
- പരിസ്ഥിതി മലിനീകരണം/മാലിന്യസംസ്കരണം
- തെരുവ് നായ ശല്യം/സംരക്ഷണം
- അപകടകരങ്ങളായ മരങ്ങൾ മുറിച്ചു മാറ്റുന്നത്
- തെരുവുവിളക്കുകൾ
- വയോജന സംരക്ഷണം
- കെട്ടിട നിർമാണ ചട്ടങ്ങളുമായി ബന്ധപ്പെട്ടവ
- റേഷൻ കാർഡ്
- വന്യജീവി ആക്രമണങ്ങളിൽ നിന്നുള്ള സംരക്ഷണം / നഷ്ടപരിഹാരം
- വിവിധ സ്കോളർഷിപ്പ് സംബന്ധിച്ച പരാതികൾ/ അപേക്ഷകൾ
- വളർത്തുമൃഗങ്ങൾക്കുള്ള നഷ്ടപരിഹാരം/സഹായം
- കൃഷിനാശത്തിനുള്ള അപേക്ഷ, വിള ഇൻഷുറൻസ്
- കാർഷിക വിളകളുടെ സംഭരണവും വിതരണവും,
- ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ടവ
- മത്സ്യബന്ധന തൊഴിലാളികളുമായി ബന്ധപ്പെട്ടവ
- ആശുപത്രികളിലെ മരുന്നുക്ഷാമം
- ശാരീരിക / ബുദ്ധി / മാനസിക വൈകല്യമുള്ളവരുടെ പുനരധിവാസം, ധനസഹായം, പെൻഷൻ
- ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ആനുകൂല്യങ്ങൾ
- എൻഡോസൾഫാൻ ദുരിതബാധിതരുടെ പരാതികൾ
- പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ
- വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതി

ഏപ്രിൽ ഒന്നു മുതൽ 10 വരെ ഓൺലൈനായും അക്ഷയ കേന്ദ്രങ്ങൾ വഴിയും താലൂക്ക് ഓഫീസുകളിലും പരാതികൾ നൽകാം.
www.karuthal.kerala.gov.in എന്ന വെബ് സൈറ്റിലാണ് പരാതി നൽകേണ്ടത്

ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പ് കേരള സർക്കാർ


# 'മോദി ഹഠാവോ, ദേശ് ബച്ചാവോ'; ഗുജറാത്തിൽ പോസ്റ്ററൊട്ടിച്ച എട്ടുപേർ അറസ്റ്റിൽ

അഹമ്മദാബാദ്: വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പ് ക്യാംപെയിനിന്റെ ഭാഗമായി ആം ആദ്മി പാർട്ടി ഏറ്റെടുത്ത മോദിയെ പുറത്താക്കൂ, രാജ്യത്തെ രക്ഷിക്കൂ പോസ്റ്ററുകൾ ഗുജറാത്തിലും. പോസ്റ്ററൊട്ടിച്ച എട്ടുപേരെ അറസ്റ്റ് ചെയ്തു. അഹമ്മദാബാദിൽ വിവിധയിടങ്ങളിൽ 'മോദിയെ പുറത്താക്കൂ, രാജ്യത്തെ രക്ഷിക്കൂ' എന്ന പോസ്റ്റൊറൊട്ടിച്ചവരെയാണ് അറസ്റ്റു ചെയ്തതെന്ന് എ.എൻ.ഐ റിപ്പോർട്ട് ചെയ്യുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരായി ദേശീയ വ്യാപകമായി ആം ആദ്മി പാർട്ടിയുടെ നേതൃത്വത്തിൽ നടക്കുന്ന ക്യാംപെയ്നിന്റെ ഭാഗമായാണ് മോദിക്കെതിരെയുള്ള പോസ്റ്ററുകൾ. നഗരത്തിലെ വിവിധയിടങ്ങളിൽ ആക്ഷേപകരമായ പോസ്റ്ററുകൾ കണ്ടെത്തുകയായിരുന്നു. സംഭവത്തിൽ കേസ് എടുത്തിട്ടുണ്ടെന്നും തുടരന്വേഷണം നടക്കുകയാണെന്നും അഹമ്മദ്ബാദ് പോലിസ് പറഞ്ഞു.




അതേസമയം, വിഷയത്തിൽ പ്രതികരണവുമായി ആംആദ്മി പാർട്ടി രംഗത്തെത്തി. അറസ്റ്റിലായവർ എല്ലാം പാർട്ടി പ്രവർത്തകരാണെന്ന് ഗുജറാത്ത് ആംആദ്മി പാർട്ടി അധ്യക്ഷൻ ഇസുദാൻ ഗഢ്വി പറഞ്ഞു. ബി.ജെ.പിയുടെ ഏകാധിപത്യ പ്രവണതയാണിത്.

ബി.ജെ.പി പേടിച്ചിരിക്കുകയാണ്. 'ബിജെപിയുടെ ഏകാധിപത്യത്തിലേക്ക് നോക്കൂ, മോദിക്കെതിരെ പോസ്റ്ററുകൾ ഒട്ടിച്ചതിന് ഗുജറാത്തിലെ വിവിധ ജയിലുകളിൽ കുറ്റം ചുമത്തി പാർട്ടി പ്രവർത്തകർ കഴിയുകയാണ്.

മോദിയുടേയും ബി.ജെ.പിയുടേയും പേടിയല്ലാതെ മറ്റെന്താണിത്. നിങ്ങൾക്ക് വേണ്ടത് നിങ്ങൾ ചെയ്തോളൂ, ആംആദ്മി പാർട്ടി പ്രവർത്തകർ അതിനോട് പൊരുതും'-. ഇസുദാൻ ഗഢ്വി പറഞ്ഞു. 'മോദിയെ പുറത്താക്കൂ, രാജ്യത്തെ രക്ഷിക്കൂ' എന്ന ക്യാംപെയിൻ 11 ഭാഷകളിലായാണ് എ.എ.പി നടത്തുന്നത്.

ഡൽഹിയിൽ പോസ്റ്ററൊട്ടിച്ച ആറു പേരെ നേരത്തേ അറസ്റ്റ് ചെയ്തിരുന്നു. ഇതിൽ രണ്ട് പ്രസ് ഉടമകളും ഉൾപ്പെട്ടിരുന്നു. ഡൽഹി ദീൻ ദയാൽ ഉപാധ്യായ റോഡിലെ ആം ആദ്മി പാർട്ടിയുടെ ദേശീയ ആസ്ഥാനത്ത് നിന്ന് രണ്ടായിരം പോസ്റ്ററുകളുമായി ഒരു വാൻ പിടിച്ചിരുന്നു. വാഹന ഉടമ ആം അദ്മി ഓഫിസിൽ എത്തിക്കാനാണ് പറഞ്ഞതെന്ന് ഡ്രൈവർ മൊഴി നൽകിയിരുന്നു. ആരാണ് ഈ മുദ്രാവാക്യം മുഴക്കിയതെന്നോ പോസ്റ്റർ ഒട്ടിച്ചതെന്നോ വ്യക്തമായിരുന്നില്ലെങ്കിലും വരുന്ന ലോക്സഭാ ഇലക്ഷനു മുന്നോടിയായി ആം ആദ്മി പാർട്ടി പ്രചാരണ വിഷയമാക്കാനാണ് തീരുമാനമെന്ന് പാർട്ടി വക്താക്കൾ അറിയിച്ചിരുന്നു. പ്രധാനമന്ത്രി എന്തിനാണ് ഭയക്കുന്നതെന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ ചോദിച്ചു.

# മധു വധക്കേസ് വിധി ഏപ്രിൽ നാലിന്; കോടതി വിധിയിൽ പ്രതീക്ഷയുണ്ടെന്ന് കുടുംബം

പാലക്കാട്: ആൾക്കൂട്ട മർദനത്തിനിരയായി ആദിവാസി യുവാവ് മധു കൊല്ലപ്പെട്ട കേസ് വിധി പറയുന്നത് കോടതി ഏപ്രിൽ നാലിലേക്ക് മാറ്റി. മധുവിന് നീതി ലഭിക്കുമെന്നാണ് പ്രതീക്ഷയെന്ന് മധുവിന്റെ അമ്മയും സഹോദരിയും പറഞ്ഞു. മധുവിന് നീതി ലഭിക്കാൻ അത്രയും കഷ്ടപ്പെട്ടിട്ടുണ്ട്. ഒരുപാട് അധ്വാനിച്ചു, കുറേ അലഞ്ഞു, അതിനുള്ള പ്രതിഫലം ലഭിക്കുമെന്ന് തന്നെയാണ് പ്രതീക്ഷയെന്നും മധുവിന്റെ സഹോദരിയും അമ്മയും മാധ്യമങ്ങളോട് പറഞ്ഞു. കോടതി കേസ് വിധി പറയാൻ ഏപ്രിൽ നാലിലേക്ക് മാറ്റിയതിൽ വിഷമമില്ല. വിധി പറയുമെന്ന് തന്നെയാണ് പ്രതീക്ഷയെന്നും അവർ പറഞ്ഞു. 2018 ഫെബ്രുവരി 22നാണ് മധു കൊല്ലപ്പെടുന്നത്. കേസിൽ 16 പ്രതികളാണുള്ളത്. 2022 ഏപ്രിൽ 28നാണ്



സാക്ഷി വിസ്താരം ആരംഭിച്ചത്. 103 സാക്ഷികളെയാണ് പ്രോസിക്യൂഷൻ വിസ്തരിച്ചത്. 24 പേർ കൂറുമാറി. പ്രതിഭാഗം എട്ട് സാക്ഷികളെയും ഹാജരാക്കി. കേസിൽ പ്രതികൾ ശിക്ഷിക്കപ്പെടുന്ന പ്രതീക്ഷയിലാണ് മധുവിന്റെ കുടുംബം. അരിയും പലവ്യഞ്ജനങ്ങളും മോഷ്ടിച്ചെന്ന് പറഞ്ഞ് പ്രതികൾ കാട്ടിൽ കയറി മധുവിനെ പിടിച്ചു കെട്ടി കൊണ്ടുവന്ന് മർദിക്കുകയായിരുന്നു. ആൾക്കൂട്ട ആക്രമണത്തിൽ കൊല്ലപ്പെട്ട മധുവിന്റെ ശരീരത്തിലുണ്ടായിരുന്നത് 45ലേറെ മുറിവുകളാണ്. തലയ്ക്കേറ്റ ക്ഷതവും ആന്തരിക രക്തസ്രാവവുമാണ് മരണകാരണമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ട് പറയുന്നു.



ലളിതാംബിക അന്തർജനം മുതൽ മലയാളത്തിലെ 21 എഴുത്തുകാരികളുടെ കഥകളുടെ ഹിന്ദി വിവർത്തനം 'മലയാളം മഹിളാ മാനസ് കീ കഹാനിയാം ' എന്ന പുസ്തകത്തിന്റെ പ്രകാശനം ഗോവ ഗവർണർ പി.എസ് ശ്രീധരൻപിള്ള നിർവഹിച്ചപ്പോൾ. ഡോ.ആർസു, യു.കെ കുമാരൻ എന്നിവർ സമീപം

# ശ്രേഷ്ഠരായ എഴുത്തുകാർ എന്നും ഓർമ്മിക്കപ്പെടും: പി.എസ് ശ്രീധരൻപിള്ള

കോഴിക്കോട്: കാലഘട്ടത്തിന്റെ മഹാപ്രവാഹത്തിൽ ഭരണകൂടങ്ങൾ കുത്തി ഒലിച്ചുപോകും, എന്നാൽ ശ്രേഷ്ഠരായ എഴുത്തുകാർ എന്നും ഓർമ്മിക്കപ്പെടുമെന്ന് ഗോവ ഗവർണ പി.എസ് ശ്രീധരൻ പിള്ള അഭിപ്രായപ്പെട്ടു. ഉപനിഷത്തുക്കൾ തർജമ ചെയ്തതിന്റെ പേരിൽ ദാര ഷിക്കോവിന് വധശിക്ഷ ഏറ്റുവാങ്ങേണ്ടി വന്നതും ചരിത്രത്തിന്റെ ഭാഗമാണന്ന് അദ്ദേഹം കൂട്ടി ചേർത്തു. ഭാഷാ സമന്വയ വേദി സംഘടിപ്പിച്ച പുസ്തക പ്രകാശനവും അഭയ ദേവ് പുരസ്കാരവും വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലളിതാംബിക അന്തർജനം മുതൽ മലയാളത്തിലെ 21 എഴുത്തുകാരികളുടെ കഥകളുടെ ഹിന്ദി വിവർത്തനം 'മലയാളം മഹിളാ മാനസ് കീ കഹാനിയാം ' എന്ന പുസ്തകത്തിന്റെ ആദ്യ പ്രതി എഴുത്തുകാരൻ യു.കെ കുമാരന് നൽകിക്കൊണ്ട് പി.എസ് ശ്രീധരൻപിള്ള പ്രകാശനം ചെയ്തു. വിവർത്തകർക്കായി ഭാഷാ സമന്വയവേദി നൽകിവരുന്ന അഭയദേവ് പുരസ്കാരം സമ്മാനിച്ചു. പുരസ്കാര ജേതാവ് വിജയൻ കോടഞ്ചേരിക്ക് വേണ്ടി ടി.എച്ച് വത്സരാജ് പുരസ്കാരം ഏറ്റുവാങ്ങി. ചടങ്ങിൽ ഭാഷാസമന്വയ വേദി പ്രസിഡന്റ് ഡോ. ആർസു അധ്യക്ഷത വഹിച്ചു. യു.കെ കുമാരൻ മുഖ്യപ്രഭാഷണം നടത്തി. മലയാള സാഹിത്യത്തെ വിവർത്തനത്തിലൂടെ ഹിന്ദി വായനക്കാരിലെത്തിക്കുന്നതിൽ ഭാഷാ സമന്വയ വേദി വലിയ പങ്ക് വഹിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഡോ.ഷീന ഈപ്പൻ, ഡോ.പി.കെ രാധാമണി, ഡോ.ഒ.വാസവൻ, പി.ടി രാജലക്ഷ്മി, പി.ഐ. മീര എന്നിവർ സംസാരിച്ചു. ഭാഷാ സമന്വയ വേദി അംഗങ്ങൾ വിവർത്തനം നിർവ്വഹിച്ച പുസ്തകത്തിന്റെ എഡിറ്റർ ഡോ.ആർസുവും അസിസ്റ്റന്റ് എഡിറ്റർ ഡോ. ഷീന ഈപ്പനുമാണ്. കാൺപൂരിൽ നിന്നുള്ള അമൻ പ്രകാശനാണ് പ്രസാധകർ.

## സാഹിത്യകാരി സാറാ തോമസ് അന്തരിച്ചു



തിരുവനന്തപുരം: സാഹിത്യകാരി സാറാ തോമസ് അന്തരിച്ചു. 88 വയസായിരുന്നു. തിരുവനന്തപുരം നന്താവനത്തെ വീട്ടിലായിരുന്നു അന്ത്യം. സംസ്കാരം നാളെ പാറ്റൂർ മാർത്തോമാ പള്ളി സെമിത്തേരിയിൽ. ചെറുകഥാകൃത്ത്, നോവലിസ്റ്റ്, എന്നീ നിലകളിൽ ശ്രദ്ധേയയായ എഴുത്തുകാരിയാണ് സാറാ തോമസ്. 1934ൽ തിരുവനന്തപുരത്താണ് ജനനം. 17നോവലുകളും നൂറിലേറെ ചെറുകഥകളും എഴുതിയ സാറാ തോമസ് രണ്ടു തവണ കേരള സാഹിത്യ അക്കാദമി പുരസ്കാരം ഉൾപ്പടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. 'ജീവിതം എന്ന നദി' എന്ന ആദ്യനോവൽ സാറാ തോമസിന്റെ 34-ാം വയസ്സിൽ പുറത്തിറങ്ങി. മധ്യവർഗ കേരളീയ പശ്ചാത്തലത്തിൽ നിന്നും വ്യത്യസ്തമായ ജീവിതാന്തരീക്ഷം അവതരിപ്പിക്കുന്ന സാറാ തോമസിന്റെ കൃതികൾ ശ്രദ്ധേയങ്ങളാണ്. തമിഴ് ബ്രാഹ്മണരുടെ ജീവിതം ചിത്രീകരിക്കുന്ന 'നാർമടിപ്പുടവ'യാണ് ശ്രദ്ധേയമായ കൃതി. 'ദൈവമക്കൾ' എന്ന നോവലിൽ മതപരിവർത്തനം ചെയ്ത അധഃസ്ഥിത വർഗത്തിന്റെ വ്യാകുലതകളും ദുരിതങ്ങളും ചിത്രീകരിക്കുന്നു. സാറാ തോമസിന്റെ 'മുറിപ്പാടുകൾ' എന്ന നോവൽ പി.എ. ബക്കർ 'മണിമുഴക്കം' എന്ന സിനിമയാക്കിയിട്ടുണ്ട്. ഈ സിനിമ സംസ്ഥാന-ദേശീയ തലങ്ങളിൽ പുരസ്കാരം നേടി. ഇതിനു പുറമേ അസ്തമയം, പവിഴമുത്ത്, അർച്ചന എന്നീ നോവലുകളും ചലച്ചിത്രങ്ങൾക്ക് പ്രമേയങ്ങളായിട്ടുണ്ട്.

## ആർ.ആർ യൂണിവേഴ്സിറ്റി ക്യാമ്പസിന് അനുമതി

പുതുച്ചേരി: പുതുച്ചേരിയിൽ ആർ.ആർ യൂണിവേഴ്സിറ്റി റീജ്യണൽ ക്യാമ്പസ് ആരംഭിക്കാൻ സർക്കാർ അനുമതി നൽകി. പുതുച്ചേരി സർക്കാരിന്റെ അനുമതിപത്രം പുതുച്ചേരി ലഫ്.ഗവർണറും മുഖ്യമന്ത്രിയും ചേർന്ന് ആർ.ആർ. യൂനിവേഴ്സിറ്റി ചെയർമാനു കൈമാറി. സുരക്ഷ, പോലിസ് സേനകളിൽ ചേരുന്ന യുവാക്കൾക്ക് ദേശീയ സുരക്ഷയുടേയും പോലിസിന്റെയും സമഗ്രമായ വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം എന്നിവ നൽകുകയാണ് ആർ.ആർ യൂണിവേഴ്സിറ്റി ലക്ഷ്യമിടുന്നതെന്ന് ആർ.ആർ. യു പുതുച്ചേരി ക്യാമ്പസ് ഡയരക്ടറും ക്ലിനിക്കൽ സൈക്കോളജി അസോസിയേറ്റ് പ്രൊഫസറുമായ ഡോ.നന്ദകുമാര പൂജം അറിയിച്ചു. പുതുച്ചേരിയിലെ എം.എസ്. എം.ഇ ടെക്നോളജി സെന്ററിലാണ് ആർ.ആർ യൂണിവേഴ്സിറ്റി ക്യാമ്പസ് ആരംഭിക്കുന്നത്. അക്കാദമിക പരിശീലന പരിപാടികൾ ജൂൺ ഒന്ന് മുതൽ ആരംഭിക്കുമെന്നും അറിയിച്ചു.



ചൊക്ലി പഞ്ചായത്തിലെ ശുചിത്വ ബോധവൽക്കരണ ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ഹരിത കേരള മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ സോമശേഖരൻ

## ചൊക്ലി പഞ്ചായത്തിൽ ശുചിത്വ ബോധവൽക്കരണ ശിൽപശാല നടത്തി

ചൊക്ലി: ഗ്രാമപഞ്ചായത്തിനെ മാലിന്യ വിമുക്തവും വലിച്ചെറിയൽ വിമുക്തവുമായ പഞ്ചായത്താക്കി മാറ്റുന്നതിന് വേണ്ടി ശുചിത്വ ബോധവൽക്കരണ ശിൽപശാല സംഘടിപ്പിച്ചു. ഹരിത കേരള മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ സോമശേഖരൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് സി.കെ രമ്യ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് എം.ഒ ചന്ദ്രൻ കർമപദ്ധതി വിശദീകരിച്ചു. ലത കാണി, വി.എം റീത്ത , ടി.സി പ്രദീപ്, എസ്.കല എന്നിവർ സംസാരിച്ചു. ഏപ്രിൽരണ്ട് മുതൽ ഒമ്പത് വരെ വാർഡ് തലത്തിൽ ശിൽപശാലകൾ, ഓരോ 50 വീട്ടിലും പ്രത്യേക സ്ക്വാഡുകൾ വീടുകൾ കയറി മാലിന്യ പ്രശ്നങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തും. ആരാധനാലയങ്ങളുടെ ഭാരവാഹികൾ, വ്യാപാരി സംഘടനകൾ, സ്കൂൾ അധികൃതർ എന്നിവരെയെല്ലാം വിളിച്ചു ചേർത്ത് അതാത് ഇടങ്ങൾ മാലിന്യ വിമുക്തമാക്കേണ്ട കാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യും. പൊതു റോഡുകളും ഇടവഴികളും തോടുകളും കുളങ്ങളും വീടും പരിസരവും കടകളും സ്ഥാപനങ്ങളുമെല്ലാം മാലിന്യ വിമുക്തമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തങ്ങൾ നടത്തും. ഏപ്രിൽ 30ന് ശുചിത്വ ഹർത്താൽ ആചരിക്കും.

# 27 വർഷത്തെ അർത്ഥപൂർണ്ണമായ അധ്യാപന ജീവിതത്തിന് ശേഷം എം.സി.സിയിൽനിന്ന് പ്രൊഫ. എം.സി വസിഷ്ഠ് പടിയിറങ്ങുന്നു

**ചാലക്കര പുരുഷു**




മയ്യഴിയിൽ നിന്നും കോഴിക്കോട്ടേക്കുള്ള ചരിത്രവഴികൾ അസോ.പ്രൊഫസർ എം.സി വസിഷ്ഠിന് സ്വായത്തമായത് പിതാവ് പ്രൊഫ.എം.പി ശ്രീധരനിൽ നിന്നാണ്. ഫ്രഞ്ച് മയ്യഴിയുടെ ചരിത്രമെഴുതിയ ശ്രീധരൻ മാസ്റ്ററിലുടെയാണ് ചരിത്ര പഠനത്തെക്കുറിച്ചും, പുരോഗമനാശയങ്ങളെക്കുറിച്ചും, അതുവഴി അധ്യാപനത്തിലേക്കും വസിഷ്ഠിന് വഴിതുറന്ന് കിട്ടിയത്. ഒടുവിൽ അച്ഛൻ പഠിപ്പിച്ച അതേ കോളജിൽ തന്നെ മകനും ചരിത്ര വിഭാഗം മേധാവിയായി. 27 വർഷത്തെ അർത്ഥപൂർണ്ണമായ അധ്യാപന ജീവിതത്തിന് ശേഷം മലബാർ ക്രിസ്ത്യൻ കോളജിൽ നിന്നും എം.സി.വസിഷ്ഠ് മാർച്ച് 31ന് പടിയിറങ്ങുകയാണ്. തന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ കോളജിന്റെ സാംസ്കാരിക അന്തരീക്ഷം സജീവമാക്കിയ വസിഷ്ഠ്, കോളേജിന്റെ പേര് ഇന്ത്യക്കകത്തും പുറത്തും എത്തിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. ചരിത്രം, സിനിമ, സ്പോർട്സ്, സാഹിത്യം, പത്രപ്രവർത്തനം, രാഷ്ട്രീയം അങ്ങനെ വിവിധ വിഷയങ്ങളിൽ കോളേജിന്റെ അകത്തും പുറത്തുമായി നിരവധി പ്രദർശനങ്ങൾ അദ്ദേഹം സംഘടിപ്പിച്ചു.

കായിക പ്രേമിയായിരുന്ന പ്രൊഫ. വസിഷ്ഠ് ഫുട്ബാളിനെക്കുറിച്ച് എഴുതിയ കവിത ഫിഫ മാഗസിനിൽ ഇംഗ്ലീഷ്, ഫ്രഞ്ച്, പോർച്ചുഗീസ്, ജർമ്മൻ എന്നീ നാലു ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പൂർവ്വ വിദ്യാർഥികളുമായി ചേർന്നുകൊണ്ട് വിവിധ വിഷയങ്ങളെക്കുറിച്ച് അദ്ദേഹം തയ്യാറാക്കിയ ഗാനങ്ങളും അന്താരാഷ്ട്ര ശ്രദ്ധ നേടിയിട്ടുണ്ട്. മുൻ വിദ്യാർഥിയായ സായ് ഗിരിധറുമായി ചേർന്ന് ഒളിമ്പിക്സിനെക്കുറിച്ചുണ്ടാക്കിയ ഗാനം 2008 ബീജിംഗ് ഒളിമ്പിക്സിന്റെ സമയത്ത് ചൈന റേഡിയോ ഇന്റർനാഷണൽ സംപ്രേക്ഷണം ചെയ്തു. കൂടാതെ ജാക്സൺ വർഗീസ് എന്ന മറ്റൊരു പൂർവ്വ വിദ്യാർഥിയുമായി ചേർന്നുകൊണ്ട് ജാലിയൻ വാലാബാഗ് രക്തസാക്ഷികൾക്ക് അനുസ്മരണമായും സിലു ഫാത്തിമയുമായി ചേർന്നുകൊണ്ട് വിശ്വപ്രസിദ്ധ കായികതാരങ്ങളായ ലയണൽ മെസ്സിക്കും സച്ചിൻ ടെണ്ടുൾക്കർക്കും ആദരമായും ഗാനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

സച്ചിൻ ടെണ്ടുൾക്കർ ക്രിക്കറ്റിൽ നിന്ന് വിരമിക്കുന്ന സമയത്ത് അദ്ദേഹത്തെക്കുറിച്ച് ഇന്ത്യയിലെ 12 ഭാഷകളിൽ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ ശേഖരിച്ചുകൊണ്ട് കോളേജിൽ എം.സി.വസിഷ്ഠ് തയ്യാറാക്കിയ സച്ചിൻസ് ഗ്യാലറിയിലൂടെ ക്രിസ്ത്യൻ കോളേജിന്റെ പേര് ഇന്ത്യയിലുടനീളം എത്തിച്ചേർന്നു. കൂടാതെ മലയാളത്തിൽ പ്രസിദ്ധീകരിച്ച പല തിരക്കഥകളും സിനിമാഗ്രന്ഥങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ക്യാമ്പസിനായി സിനിമാ ലൈബ്രറിയും അദ്ദേഹം കോളേജ് ലൈബ്രറിയിൽ ഒരുക്കി.

വിഖ്യാത ചലച്ചിത്രകാരനായ പത്മരാജന്റെ 25-ാം ചരമ വാർഷികത്തോടനുബന്ധിച്ച് പത്മരാജൻ ചലച്ചിത്രങ്ങളിലെ സ്ത്രീ കഥാപാത്രങ്ങൾ എന്ന പേരിൽ പെൺകുട്ടികളുടെ ലേഖനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഫിലിം ക്ലബ്ബിന്റെ പേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും ചെയ്തു. സിനിമയിലൂടെ ദേശീയോദ്ഗ്രഥനം എന്ന ആശയത്തെ മുൻനിർത്തി തെലുങ്ക്, കന്നഡ, ആസ്സാമീസ്, ബംഗാളി, ഒറിയ എന്നീ ഭാഷകളിലെ ചലച്ചിത്രങ്ങൾ കോളേജിലെ പുതുതലമുറക്കായി പ്രദർശിപ്പിച്ചു. കൂടാതെ റഷ്യൻ വിപ്ലവത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ചും ഫ്രഞ്ച് വിപ്ലവത്തിന്റെ 225-ാം വാർഷികത്തോടനുബന്ധിച്ചും റഷ്യനിലും ഫ്രഞ്ച് ഭാഷയിലും വിപ്ലവത്തിനെക്കുറിച്ചുള്ള പ്രത്യേക ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിലും അദ്ദേഹം മുൻകൈയെടുത്തു. സ്വാതന്ത്ര്യ സമരത്തെക്കുറിച്ചും സ്വാതന്ത്ര്യ സമരസേനാനികളെ പുതിയ തലമുറക്ക് പരിചയപ്പെടുത്തുന്നതിലും അദ്ദേഹം ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി. മഹാത്മാഗാന്ധിയെക്കുറിച്ചും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെക്കുറിച്ചും സുഭാഷ് ചന്ദ്രബോസിനെക്കുറിച്ചുമുള്ള പ്രദർശനങ്ങൾ ക്രിസ്ത്യൻ കോളേജിൽ മാത്രമല്ല, കേരളത്തിലെ വിവിധ കലാലയങ്ങളിലും സംഘടിപ്പിച്ചു.

കൂടാതെ ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിലെ അവിസ്മരണീയരായ വനിതാ സ്വാതന്ത്ര്യ സമരസേനാനികളെക്കുറിച്ചും ഭഗത് സിംഗ്, രാജ്ഗുരു സുഖ്ദേവ്, രാഷ് ബിഹാരി ബോസ് എന്നീ വ്യക്തിത്വങ്ങളെക്കുറിച്ചുമുള്ള പ്രദർശനങ്ങളും വിവിധ കലാലയങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ അവിസ്മരണീയമായ ഗദർ വിപ്ലവത്തെക്കുറിച്ചും അതിർത്തി ഗാന്ധിയായ ഖാൻ അബ്ദുൽ ഗാഫർഖാനെക്കുറിച്ചുമുള്ള ലേഖനങ്ങൾ രചിച്ചു. കൂടാതെ കോളേജിലെ പൂർവ്വ വിദ്യാർഥികളായ സഹോദരൻ അയ്യപ്പൻ, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് എന്നിവരെക്കുറിച്ചുള്ള ലേഖനങ്ങളും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കടുവ സംരക്ഷണ ആശയം മുൻനിർത്തി 'ഗ്ലിംപ്സസ് ദി മെജസ്റ്റി' എന്ന പേരിൽ കേരളത്തിലെ വിവിധ കലാലയങ്ങളിൽ നടത്തിയ പ്രദർശനം ഏറെ ശ്രദ്ധേയമായിരുന്നു. പരസ്പര ബന്ധമില്ലാതിരുന്ന കോളേജുകളെ, കലാലയങ്ങളെ, തന്റെ പ്രദർശനങ്ങളിലൂടെ ബന്ധിപ്പിക്കാനുള്ള പുതിയൊരു ശ്രമത്തിനും അദ്ദേഹം തുടക്കം കുറിച്ചു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ രാഷ്ട്രീയ നേതാക്കന്മാരെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ ശേഖരിച്ചുകൊണ്ട് നേതാക്കളുടെ ഗ്യാലറി എന്ന പേരിലും കഴിഞ്ഞ നൂറ്റാണ്ടിലെ മലബാർ ക്രിസ്ത്യൻ കോളേജിലെ മാഗസിനുകൾ ശേഖരിച്ചുകൊണ്ട് 'എം.സി.സിയുടെ നാൾവഴികൾ' എന്ന പേരിലും നടത്തിയ പ്രദർശനങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു.

മലയാള ഭാഷയിലെ ഇതിഹാസ പത്രാധിപന്മാരെക്കുറിച്ച് 'ഓർമ്മ' എന്ന പേരിൽ പ്രത്യേക അനുസ്മരണ പ്രഭാഷണ പരമ്പരകളും അദ്ദേഹം കോളേജിൽ സംഘടിപ്പിക്കുകയുണ്ടായി. 1857ലെ കലാപത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് പുറത്തിറക്കിയ സി.ഡി. ഏറെ ശ്രദ്ധേയമായിരുന്നു. കൂടാതെ കോളേജിലെ വിദ്യാർത്ഥികളുടെ സഹായത്തോടുകൂടി ചരിത്ര സംബന്ധമായ വിഷയങ്ങളിൽ അദ്ദേഹം നിരവധി വീഡിയോ ചിത്രങ്ങളും നിർമ്മിച്ചു. കൊവിഡ് സമയത്ത് വിദ്യാർഥികളെ സംഘടിപ്പിച്ചുകൊണ്ട് കേരള ചരിത്രത്തിലെ സംഭവങ്ങളെ ആധാരമാക്കി പ്രൊഫ. വസിഷ്ഠ് തയ്യാറാക്കിയ സാങ്കൽപിക ചരിത്ര പത്രങ്ങൾ ഏറെ ശ്രദ്ധ നേടിയിരുന്നു. ആർക്കൈവ്സ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി മലബാർ ക്രിസ്ത്യൻ കോളേജിൽ പുരാരേഖകളുടെ ഇരുപതോളം പ്രദർശനങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ആർക്കൈവ്സ് രേഖകളുടെ ഏറ്റവും കൂടുതൽ പ്രദർശനം നടന്ന കലാലയം മലബാർ ക്രിസ്ത്യൻ കോളേജാണ്. കൂടാതെ കോഴിക്കോട്ടെ പബ്ലിക് റിലേഷൻസ് വകുപ്പുമായി ചേർന്നുകൊണ്ട് വർഷങ്ങളോളം കേരളത്തിലെ സ്വാതന്ത്ര്യ സമര സേനാനികളെക്കുറിച്ചും, നവോത്ഥാന നായകന്മാരെക്കുറിച്ചുമുള്ള ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കുന്നതിലും മുൻകൈയെടുത്തു.

സ്പോർട്സിനെക്കുറിച്ചും സിനിമയെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ ലേഖനങ്ങൾ ഇന്ത്യയിലെ വിവിധ ഭാഷകളിലെ പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ചൈനീസ് ഒളിമ്പിക്സിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഗാനത്തെപ്പറ്റിയുള്ള വാർത്ത പ്രമുഖ ചൈനീസ് പത്രമായ പീപ്പിൾസ് ഡെയ്‌ലിയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. രണ്ടുതവണ കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ജി ബോർഡ് ഓഫ് സ്റ്റഡീസ് അംഗമായിരുന്നു. കൂടാതെ ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റി പി.ജി ബോർഡ് അംഗമായിരുന്നു പ്രൊഫ.എം.സി.വസിഷ്ഠ്. 2015 മുതൽ 2019 വരെ ക്രിസ്ത്യൻ കോളേജ് ചരിത്രവിഭാഗം തലവനായും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ കേരള ചരിത്ര കോൺഗ്രസിന്റേയും മുഹമ്മദ് അബ്ദുറഹിമാൻ സ്മാരക ട്രസ്റ്റിന്റേയും വൈസ് പ്രസിഡന്റായി പ്രവർത്തിക്കുന്നു. ക്രിക്കറ്റ് ജീവിതത്തിനും പിച്ചിനുമിടയിൽ, നൈറ്റ് വാച്ച്മാൻ, ലാസ്റ്റ് പെനാൽട്ടി കിക്ക് എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവാണ് പ്രൊഫ. വസിഷ്ഠ്. പ്രോവിഡൻസ് ജൂനിയർ സ്കൂൾ അധ്യാപിക നീമ ഭാര്യയാണ്. മകൻ വിനായക് ബിരുദ വിദ്യാർഥിയാണ്. കോഴിക്കോട്ടെ മൊയ്തു മൗലവി മ്യൂസിയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അദ്ദേഹം ഏർപ്പെട്ടിരുന്നു. കൂടാതെ 2010-11 കാലത്ത് ജില്ലാ ഭരണകൂടം കോഴിക്കോട്ട് സംഘടിപ്പിച്ച സ്നേഹസംഗമം എന്ന ചരിത്ര പ്രദർശനത്തിന്റെ മുഖ്യസംഘടകനും പ്രൊഫ. എം.സി വസിഷ്ഠായിരുന്നു.

## ക്യാമ്പസ് ഇഫ്താറുകൾക്ക് തുടക്കമായി

കോഴിക്കോട്: എസ്.എസ്.എഫ് സംസ്ഥാന കമ്മിറ്റി എല്ലാ വർഷവും റംസാനിൽ സംഘടിപ്പിക്കാറുള്ള ക്യാമ്പസ് ഇഫ്താറുകൾക്ക് തുടക്കമായി. ഇഫ്താറിന്റെ സംസ്ഥാന തല ഉദ്ഘാടനം ഫാറൂഖ് കോളേജിൽ സംസ്ഥാന പ്രസിഡന്റ് ടി. കെ ഫിർദൗസ് സഖാഫി കടവത്തൂർ നിർവഹിച്ചു. ക്യാമ്പസ് വിദ്യാർഥികൾക്ക് വേണ്ടി ആർ.എസ്.സി, അമൽ ഇന്ത്യ ഫൗണ്ടേഷൻ എന്നിവരുമായി സഹകരിച്ച് നടത്താറുള്ള ക്യാമ്പസ് ഇഫ്താർ സംസ്ഥാനത്ത് 350 ക്യാമ്പസുകളിലായി 25000 വിദ്യാർഥികൾക്ക് ആശ്വാസമാകും. ക്യാമ്പസ് സിൻഡിക്കേറ്റ് കൺവീനർ ജി. അനീസ് മുഹമ്മദ് അധ്യക്ഷത വഹിച്ചു. സൻഡിക്കേറ്റ് അംഗങ്ങളായ ഷിബിൻ, മുദ്ദസിർ എന്നിവർ സംബന്ധിച്ചു. ഫാറൂഖ് കോളേജ് ക്യാമ്പസ് യൂണിറ്റ് സെക്രട്ടറി യാസീൻ റംസാൻ റിഫ്ളക്ഷൻ അവതരിപ്പിച്ചു. മുബഷിർ സ്വാഗതവും അൽഫാസ് നന്ദിയും പറഞ്ഞു.

## ഗോവയിൽ വിദേശ വനിതക്കുനേരെ ആക്രമണം: റിസോർട്ട് ജീവനക്കാരൻ അറസ്റ്റിൽ

പനാജി: ഗോവയിൽ വിനോദ സഞ്ചാരത്തിനെത്തിയ വിദേശ വനിതയെ ആക്രമിച്ച റിസോർട്ട് ജീവനക്കാരൻ അറസ്റ്റിൽ. നേ ാർത്ത് ഗോവയിലെ പെർനീമിൽ വെള്ളിയാഴ്ചയാണ് ഡച്ച് വനിതയ്ക്ക് കുത്തേറ്റത്.

ഇത് തടയാനെത്തിയ ആളേയും ജീവനക്കാരൻ കുത്തിപരിക്കേൽപ്പിച്ചു. അഭിഷേക് വർമ്മ എന്നയാളാണ് അറസ്റ്റിലായതെന്ന് പോലിസ് പറഞ്ഞു. ഡച്ച് സ്വദേശിയായ യൂറിക്കോക്കാണ് പരുക്കേറ്റത്. ടെന്റിനുള്ളിലേക്ക് റിസോർട്ട് ജീവനക്കാരൻ കയറിവരികയും ആക്രമിക്കുകയുമായിരുന്നു. ഇവരുടെ നിലവിളി കേട്ട് മറ്റൊരാൾ എത്തിയതിനെ തുടർന്ന് ജീവനക്കാരൻ ഓടി രക്ഷപ്പെട്ടു. പിന്നീട് വീണ്ടും കത്തിയുമായി വന്ന് ആക്രമിക്കുകയായിരുന്നു. പരുക്കേറ്റവരെ ആശുപത്രിയിലേക്ക് മാറ്റിയിട്ടുണ്ട്.



ഈ വർഷത്തെ കേരള സംഗീത നാടക അക്കാദമി പുരസ്കാര ജേതാവായ കോട്ടക്കൽ മുരളിയെ ആര്യവൈദ്യശാലാ എക്സിക്യൂട്ടീവ് ക്ലബ് ആദരിച്ചപ്പോൾ. ചടങ്ങിൽ ആര്യവൈദ്യശാലാ എക്സിക്യൂട്ടീവ് ക്ലബ് പ്രസിഡന്റ് ഡോ.പി.ആർ രമേഷ്, സെക്രട്ടറി മനോജ് കെ.നായർ, പി.വേണുഗോപാലൻ, എം.ടി രാമകൃഷ്ണൻ, രഞ്ജിത് ചന്ദ്രൻ, രമേഷ്ചന്ദ്രവർമ്മ എന്നിവർ സന്നിഹിതരായി



ഐ.പി.എൽ 16ാം സീസണിലെ ഒമ്പത് ടീമുകളിലെ ക്യാപ്റ്റൻമാർ കിരീടത്തിനൊപ്പം ഫോട്ടോക്ക് പോസ് ചെയ്തപ്പോൾ

# ഐ.പി.എൽ 16ാം സീസണിന് ഇന്ന് കൊടിയേറ്റം

## ഉദ്ഘാടന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും

അഹമ്മദാബാദ്: ഇനി രണ്ടു മാസക്കാലം ഐ.പി.എൽ പൂരമാണ്. കുട്ടിക്രിക്കറ്റിന്റെ വീറും വാശിയും ആവേശവും നിറഞ്ഞ പുതിയ സീസണിന് ഇന്ന് തുടക്കമാകും. 16ാമത് പരുഷ ഇന്ത്യൻ പ്രീമിയർ ലീഗിന്റെ ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ഗുജറാത്ത് ടൈറ്റൻസ് മുൻ ചാമ്പ്യൻമാരായ ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം ആരംഭിക്കുക. ഗുജറാത്ത് ടൈറ്റൻസിനെ ഹാർദിക്ക് പാണ്ഡ്യ നയിക്കുമ്പോൾ ചെന്നൈക്കായി തല ധോണി വീണ്ടും ക്യാപ്റ്റന്റെ കുപ്പായമണിയും.

കിരീടം നിലനിർത്താൻ ഗുജറാത്തും കഴിഞ്ഞ സീസണിലെ മോശം പ്രകടനം ഇത്തവണ ആവർത്തിക്കാതിരിക്കാൻ ചെന്നൈയും കൊമ്പുകോർക്കുമ്പോൾ സീസണിലെ ആദ്യ മത്സരത്തിൽ പൊടിപാറുമെന്ന് ഉറപ്പാണ്. ഡേവിഡ് മില്ലർ, കെയ്ൻ വില്ല്യംസൺ മാത്യു വെയ്ഡ്, വൃദ്ധിമാൻ സാഹ ഉൾപ്പെടെയുള്ള അനുഭവ സമ്പത്തുള്ളവരും ശുഭ്മാൻ ഗിൽ, രാഹുൽ തെവാത്തിയ, അഭിനവ് മനോഹർ, സായ് സുദർശൻ, ഓഡിയൻ സ്മിത്ത്, ജയന്ത് യാദവ്, അൽസാരി ജോസഫ് ഉൾപ്പെടെയുള്ള യുവ താരങ്ങളും ഗുജറാത്തിന്റെ പ്രതീക്ഷകളാണ്.

ചെന്നൈയിലേക്കെത്തുമ്പോൾ ഇത്തവണയും വയസ്സൻ പടയെന്ന ചീത്തപേര് മാറ്റാൻ അവർക്ക് കഴിഞ്ഞിട്ടില്ല. അജിൻക്യ രഹാനയും അമ്പാട്ടി റായിഡുവും മോയീൻ അലിയും ജഡേജയുമെല്ലാം 30ന് മുകളിൽ പ്രായമുള്ളവരാണ്. എന്നാൽ ഇംഗ്ലീഷ് ഓൾറൗണ്ടർ ബെൻ സ്റ്റോക്സ് ടീമിലുള്ളത് ചെന്നൈക്ക് മുതൽക്കൂട്ട് തന്നെയാണ്. ബെൻസ്റ്റോക്കിന് കൂട്ടായി ബാറ്റിങ്ങിൽ റിഥുരാജ് ഗെയ്ക്ക്‌വാദും കൂടെയുണ്ട്. ബൗളിങ്ങിൽ ദീപക് ചഹാർ തിരിച്ചെത്തുന്നത് ചെന്നൈക്ക് ആശ്വാസമാകും. ഷെയ്ക് റഷീദ്, സുബ്രാൻശു സേനാപതി, അജയ് മാൻഡൽ, മിച്ചൽ സാന്റ്നർ, ഡെവൻ കോൺവേ, മുകേഷ് ചൗധരി എന്നിവരാണ് ചെന്നൈയിലെ മറ്റ് താരങ്ങൾ. അഞ്ച് ടീമുകൾ വീതം രണ്ട് ഗ്രൂപ്പുകളിലായാണ് ഇത്തവണയും മത്സരങ്ങൾ നടക്കുന്നത്

**ഗ്രൂപ്പ്എ-** മുംബൈ ഇന്ത്യൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, രാജസ്ഥാൻ റോയൽസ്, ഡൽഹി ക്യാപിറ്റൽസ്, ലക്നൗ സൂപ്പർ ജയന്റ്സ് ,
**ഗ്രൂപ്പ് ബി-** ചെന്നൈ സൂപ്പർ കിങ്സ്, സൺറൈസേഴ്സ് ഹൈദരാബാദ്, റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ, പഞ്ചാബ് കിങ്സ്, ഗുജറാത്ത് ടൈറ്റൻസ്

**ടീം ക്യാപ്റ്റൻമാർ-** സി.എസ്.കെ: മഹേന്ദ്ര സിങ് ധോണി, മുംബൈ ഇന്ത്യൻസ്: രോഹിത് ശർമ, രാജസ്ഥാൻ റോയൽസ്: സഞ്ജു സാംസൺ, ഗുജറാത്ത് ടൈറ്റൻസ്: ഹാർദിക് പാണ്ഡ്യ, പഞ്ചാബ് കിങ്സ്: ശിഖർ ധവാൻ, ലക്നൗ സൂപ്പർ ജയന്റ്സ് കെ: .എൽ രാഹുൽ, കെ.കെ.ആർ: നിതീഷ് റാണ, ആർ.സി.ബി: ഫാഫ് ഡുപ്ലെസി, ഹൈദരാബാദ്: എയ്ഡൻ മർക്രം, ഡൽഹി: ഡേവിഡ് വാർണർ.

## പാക്കിസ്ഥാനിൽ ഭക്ഷ്യ–ശുദ്ധജല ക്ഷാമം രൂക്ഷം; അരിചാക്കിനായി തമ്മിൽ തല്ല്, തിക്കിലും തിരക്കിലും മരണം

കറാച്ചി: സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമായ പാക്കിസ്ഥാനിൽ ഭക്ഷ്യ-ശുദ്ധജല ക്ഷാമം രൂക്ഷമാകുന്നു. വിവാദമായ വിലനിർണയ നയവും പ്രാദേശിക കറൻസിയുടെ മൂല്യത്തകർച്ചയും കടക്കെണിയിലാക്കിയ രാജ്യത്ത് ജീവൻരക്ഷാ മരുന്നുൾപ്പെടെയുള്ള അവശ്യവസ്തുക്കൾക്ക് വൻ ക്ഷാമം നേരിടുകയാണ്. ജലക്ഷാമം പരിഹരിക്കാൻ അടിയന്തര ഇടപെടലുകൾ നടത്തുമെന്ന് സർക്കാർ വൃത്തങ്ങൾ അറിയിച്ചു. ഭക്ഷ്യക്ഷാമം പരിഹരിക്കാൻ അന്തർദേശീയ ഇടപെടലും പാക്കിസ്ഥാൻ ഭരണകൂടം അഭ്യർത്ഥിച്ചിട്ടുണ്ട്.പെഷാവറിൽ സൗജന്യ ധാന്യവിതരണത്തിനായി എത്തിയ ട്രക്കുകൾ ജനങ്ങൾ തടഞ്ഞുനിർത്തി ചാക്കുകൾ അടക്കമുള്ളവ സ്വന്തമാക്കുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നു. മണിക്കൂറുകളോളം കാത്തുനിന്നിട്ടും റേഷൻ ലഭിക്കാത്തവർ ദേശീയപാത ഉപരോധിക്കുകയും ചെയ്തിരുന്നു. പഞ്ചാബ് പ്രവിശ്യയിൽ സർക്കാർ വിതരണം ചെയ്യുന്ന സൗജന്യ ഭക്ഷ്യസാധനങ്ങൾ വാങ്ങാനായി എത്തിയവർ



സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ പാക്കിസ്ഥാനിൽ നിന്നുള്ള ദൃശ്യം (ഫയൽ ചിത്രം)

തിക്കിലും തിരക്കിലുപ്പെട്ട് മരണപ്പെട്ടതായും റിപ്പോർട്ടുകളുണ്ട്. സ്ത്രീകളടക്കം 11 പേർ കഴിഞ്ഞദിവസങ്ങളിൽ മരിച്ചെന്നാണ് റിപ്പോർട്ടുകൾ. ഫാസിലബാദ്, മുൾട്ടൻ മേഖലകളിലുണ്ടായ തിക്കിലും തിരക്കിലും 60ഓളം പേർക്ക് പരുക്കേറ്റിട്ടുണ്ട്. ധാന്യ ചാക്കുകൾ സ്വന്തമാക്കാൻ ശ്രമിക്കുന്നതിനിടെ ആളുകൾ പരസ്പരം ഏറ്റുമുട്ടുന്നതിന്റെ ദൃശ്യങ്ങളും പുറത്തുവരുന്നുണ്ട്.പഞ്ചാബ് പ്രവിശ്യയിൽ അനിയന്ത്രിതമായ തിരക്കുകൾ കണക്കിലെടുത്ത് സൗജന്യ ധാന്യ വിതരണത്തിന് സമയം നിശ്ചയിച്ചെങ്കിലും വൻജനക്കൂട്ടമാണ് എത്തിയത്. ആൾക്കൂട്ടത്തെ നിയന്ത്രിക്കാൻ സൈന്യം ഇടപെടുന്നതിനെതിരേയും ശക്തമായ പ്രതിഷേധമാണ് ഉയരുന്നത്.

ഉള്ളിയുടെ വിലയും കുത്തനെ ഉയർന്നു കൊണ്ടിരിക്കുകയാണ്. 228.28 ശതമാനമാണ് ഉള്ളിയുടെ വില വർധിച്ചത്. ഡീസൽ വില 102.84 ശതമാനവും പെട്രോളിന് 81.17 ശതമാനവും വർധിച്ചു. ഗോതമ്പ് മാവിന്റെ വില 120.66 ശതമാനവും, വാഴപ്പഴത്തിന് 89.84 ശതമാനവും മുട്ടയുടെ വില 76.56 ശതമാനവും വർധിച്ചു. പാക്കിസ്ഥാൻ ബ്യൂറോ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് ചെയ്ത സെൻസിറ്റീവ് പ്രൈസിംഗ് ഇൻഡിക്കേറ്റർ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പ നിരക്ക് മാർച്ച് 22ന് 47 ശതമാനമായിരുന്നു.

## വൈക്കം ശതാബ്ദി വേദിയിൽ മനഃപൂർവം അവഗണിച്ചു; പാർട്ടിക്ക് ആവശ്യമില്ലെങ്കിൽ അറിയിച്ചാൽ മതി: കെ. മുരളീധരൻ

തിരുവനന്തപുരം: പാർട്ടിക്ക് തന്റെ സേവനം ആവശ്യമില്ലെങ്കിൽ അത് അറിയിച്ചാൽ മതിയെന്നും ഒഴിവാകാമെന്നും കോൺഗ്രസ് നേതാവ് കെ. മുരളീധരൻ. വൈക്കം ശതാബ്ദി വേദിയിൽ തന്നെ മനഃപൂർവം അവഗണിച്ചതിൽ പ്രതിഷേധിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരാൾ ഒഴിവായാൽ അത്രയും നല്ലതെന്നാണ് അവരുടയൊക്കെ മനോഭാവമെന്നും അദ്ദേഹം പറഞ്ഞു. വേദിയിൽ ഉണ്ടായിരുന്നത് മൂന്ന് മുൻ കെ.പി.സി.സി പ്രസിഡന്റുമാരാണ്. രമേശ് ചെന്നിത്തലയ്ക്കും എം.എം ഹസനും സംസാരിക്കാൻ അവസരം നൽകി തനിക്ക് മാത്രമാണ് അവസരം നൽകാതിരുന്നത്.



പരിപാടി സംബന്ധിച്ച് കോൺഗ്രസ് മുഖപത്രമായ വീക്ഷണം പുറത്തിറക്കിയ സപ്ലിമെന്റിലും തന്റെ പേര് വച്ചില്ല. അവഗണനയുടെ കാരണം എന്താണെന്ന് അറിയില്ല. സ്വരം നന്നായിരിക്കുമ്പോൾ തന്നെ പാട്ട് നിർത്താൻ താൻ തയാറാണ്. പാർട്ടിക്ക് തന്റെ സേവനം ആവശ്യമില്ലെങ്കിൽ അറിയിച്ചാൽ മതി താൻ മാറിനിന്നോളാമെന്ന് കെ.സി വേണുഗോപാലിനേയും കെ.സുധാകരനേയും അറിയിച്ചെന്നും മുരളീധരൻ കൂട്ടിചേർത്തു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പങ്കെടുത്ത ചടങ്ങിൽ കെ.സുധാകരനും വി.ഡി സതീശനും രമേശ് ചെന്നിത്തലയും എം.എം ഹസ്സനും മാത്രമാണ് കെ.പി.സി.സിയുടെ പ്രതിനിധികളായി സംസാരിച്ചത്. പരിപാടിയിൽ മുരളീധരനെക്കൂടാതെ ശശി തരൂരിനെയും പ്രസംഗിക്കാൻ അനുവാദിക്കാതെ തഴഞ്ഞുവെന്ന വിമർശനം ഉയരുന്നുണ്ട്. തരൂർ സംസാരിക്കണമെന്ന പ്രവർത്തകരുടെ ആവശ്യത്തോട് പാർട്ടി നേതൃത്വം മുഖം തിരിച്ചെന്നും തരൂർ അനുകൂലികൾ വ്യക്തമാക്കി.

## പോൺ താരത്തിന് തെരഞ്ഞെടുപ്പ് ഫണ്ടിൽ നിന്ന് പണം നൽകി; ട്രംപിനെതിരേ ക്രിമിനൽ കുറ്റം, അറസ്റ്റിന് സാധ്യത

വാഷിംഗ്ടൺ: പോൺ താരത്തിന് പണം നൽകിയെന്ന കേസിൽ മുൻ യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെതിരേ ക്രിമിനൽ കുറ്റം. 2016 ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിന് മുമ്പ് പോൺ താരമായ സ്റ്റോമി ഡാനിയൽസിന് തെരഞ്ഞെടുപ്പ് ഫണ്ടിൽ നിന്ന് 1,30,000 ഡോളർ നൽകിയെന്ന കേസിലാണ് നടപടി. സ്റ്റോമി ഡാനിയൽസും ട്രംപും തമ്മിലുള്ള ബന്ധം പുറത്തുപറയാതിരിക്കാനാണ് പണം നൽകിയത്. ഈ പണം ബിസിനസ് ചെലവായിയാണ് കാണിച്ചിരുന്നത്.

ന്യൂയോർക്ക് ഗ്രാൻഡ് ജൂറിയാണ് ട്രംപിനെതിരേ ക്രിമിനൽ കുറ്റം ചുമത്തിയത്. കേസിൽ ട്രംപിനെ അറസ്റ്റ് ചെയ്യാനാണ് സാധ്യത.



ഇതോടെ ക്രിമിനൽ കുറ്റം നേരിടുന്ന ആദ്യത്തെ മുൻ യു.എസ് പ്രസിഡന്റായി ട്രംപ് മാറി.

കേസ് 2024ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ട്രംപിന് തിരിച്ചടിയാകുമെന്നാണ് വിലയിരുത്തൽ. അതേസമയം കുറ്റം ചുമത്തിയത് രാഷ്ട്രീയ പകപോക്കലാണെന്ന് ട്രംപ പറഞ്ഞു.

കേസിൽ താൻ നിരപരാധിയാണെന്നും തന്നെ വേട്ടയാടുകയാണെന്നും ട്രംപ ആരോപിച്ചു. തന്റെ തെരഞ്ഞെടുപ്പ് സാധ്യതകൾ തകർക്കാനാണ് ശ്രമമെന്നും ട്രംപ് പ്രതികരിച്ചു. നിയമപരമായി നേരിടുമെന്ന് ട്രംപിന്റെ അഭിഭാഷകർ അറിയിച്ചു.

## കൊതുകുതിരി കിടക്കയിലേക്ക് വീണ് വീടിനു തീപിടിച്ചു: ആറുമാസം പ്രായമുള്ള കുഞ്ഞുൾപ്പെടെ ആറുപേർ ശ്വാസംമുട്ടി മരിച്ചു

ന്യൂഡൽഹി: കൊതുകുതിരിയിൽ നിന്ന് വീടിന് തീപടിച്ച് ഒരു കുടുംബത്തിലെ ആറുപേർ ശ്വാസംമുട്ടി മരിച്ചു. രണ്ടു പേർക്ക് പൊള്ളലേറ്റു. ഡൽഹി ശാസ്ത്രിനഗർ മേഖലയിലെ മസൽവാലയി



ലാണ് സംഭവം. മരിച്ചവരിൽ നാലു പുരുഷന്മാരും ഒരു സ്ത്രീയും ആറുമാസം പ്രായമായ കുട്ടിയും ഉൾപ്പെടുന്നു. പരുക്കേറ്റവരിൽ ഒരാൾ പതിനഞ്ചു വയസുള്ള പെൺകുട്ടിയും മറ്റേയാൾ പുരുഷനുമാണ്. ഇവരെ ജഗ് പ്രവേശ് ചന്ദ്ര ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രാത്രി കത്തിച്ചുവച്ചിരുന്ന കൊതുകുതിരി കിടക്കയിലേക്ക് വീണ് വീടിന് തീപടരുകയായിരുന്നുവെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കുതുകുതിരിയിലെ വിഷവവാതകം ശ്വസിച്ച് ബോധരഹിതരായ വീട്ടുകാർ പിന്നീട് ശ്വാസം കിട്ടാതെ മരിക്കുകയായിരുന്നുവെന്ന് ഡി.സി.പി ജോയ് ടിക്രി പറഞ്ഞു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.